"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്-പ്ലസ് വൺ അഡ്മിഷൻ-2021-തമിഴ് നാട് പരീക്ഷാ ബോർഡിൽ നിന്നും 2021 ൽ പത്താം ക്ലാസ് പരീക്ഷ പാസ്സായ കുട്ടികൾക്ക് ഈ അധ്യയന വർഷം സപ്ലിമെന്ററി അലോട്ട്മെന്റിൽ പ്രവേശനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്

സ.ഉ.(സാധാ) നം.5152/2021/പൊ.വി.വ തീയതി,തിരുവനന്തപുരം, 16/11/2021

---

പരാമർശം:- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 09.09.2021 ലെ ഐ സി റ്റി സെൽ/210900014/2021/ഡിജി ഇ-എച്ച് എസ് എസ് നമ്പർ കത്ത്

ഉത്തരവ്

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ തമിഴ് നാട് സർക്കാർ പത്താം ക്ലാസ് പൊതു പരീക്ഷ ഒഴിവാക്കി, എല്ലാ വിദ്യാർത്ഥികൾക്കും സർട്ടിഫിക്കറ്റിൽ ഗ്രേഡോ മാർക്കോ ഇല്ലാതെ, പത്താം ക്ലാസ് പരീക്ഷ പാസായ സർട്ടിഫിക്കറ്റ് നൽകിയിരുന്നു. ഹയർ സെക്കണ്ടറി ഒന്നാം വർഷ പ്രവേശനത്തിന് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത് പത്താം ക്ലാസിലെ പൊതുപരീക്ഷയിൽ വിദ്യാർത്ഥി കരസ്ഥമാക്കിയ ഗ്രേഡ്/ മാർക്ക് അടിസ്ഥാനമാക്കിയാണ്. അതിനാൽ, പ്രസ്തുത വിദ്യാർത്ഥികളെ ഹയർ സെക്കണ്ടറി പ്രവേശനത്തിന് പരിഗണിക്കുവാൻ സാധിച്ചിരുന്നില്ല. 2021 മാർച്ചിൽ തമിഴ് നാട് സംസ്ഥാന ബോർഡിൽ നിന്നും പത്താം ക്ലാസ് പാസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതിനാൽ മിനിമം പാസ് മാർക്ക്/ഗ്രേഡ് അതായത് ഡി പ്ലസ് നൽകി അപേക്ഷകൾ പ്ലസ് വൺ പ്രവേശനത്തിന് പരിഗണിക്കണമെന്ന് പരാമർശ പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ തമിഴ് നാട് പരീക്ഷാ ബോർഡിൽ നിന്നും പത്താം ക്ലാസ് പരീക്ഷ പാസ്സായ വിദ്യാർത്ഥികൾക്ക് ഈ അധ്യയന വർഷം മിനിമം പാസ് മാർക്ക്/ഗ്രേഡ് അതായത് ഡി പ്ലസ് നൽകി അടുത്ത അലോട്ട്മെന്റുകളിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

K Nanda Kumar

അഡീഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കണ്ടറി വിഭാഗം, തിരുവനന്തപുരം

കോ ഓർഡിനേറ്റർ, ഐ സി റ്റി സെൽ, പൂജപ്പുര, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Savitha.s

Date: 16-11-2021 16:08:28

Reason: Approved

സെക്ഷൻ ഓഫീസർ